# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 11, ചൊവ്വ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി**

**വനം-വന്യജീവി വകുപ്പ് മന്ത്രി**

**ജലവിഭവ വകുപ്പ് മന്ത്രി**

**മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി**

**<u>മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ്</u>**

*61 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ എം നൗഷാദ്**
**ശ്രീ. എം.വിജിൻ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി എത്രത്തോളം പ്രയോജനകരമാകുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെട്ടിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ എണ്ണം എത്രയാണെന്നറിയിക്കുമോ;

(സി) മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസിൽ എഫ്.ഐ.എം.എസ്. രജിസ്ട്രേഷൻ അനുസരിച്ച് മത്സ്യത്തൊഴിലാളി ലിസ്റ്റ് ഉൾപ്പെടുത്തുമ്പോൾ മസ്റ്ററിംഗ് നടത്തിയാണോ പോളിസി വിഹിതം ഒടുക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**<u>ഭൂരഹിത പട്ടികവർഗക്കാരുടെ പുനരധിവാസം</u>**

*62 **ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ ആരംഭിക്കുന്നതിനുമുമ്പ് നിർമ്മാണം തുടങ്ങിയ പട്ടികവർഗ വിഭാഗക്കാരുടെ വീടുകളുടെ പൂർത്തീകരണവും ജീർണാവസ്ഥയിലുള്ള വീടുകളുടെ

പുനരുദ്ധാരണവും ലക്ഷ്യമാക്കി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് എന്തെല്ലാം സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കാലയളവിൽ ഭൂരഹിതരായ പട്ടികവർഗക്കാരുടെ പുനരധിവാസം പദ്ധതിയനുസരിച്ച് ഭൂമി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## കടൽ മണൽ ഖനനം

*63 **ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളതീരത്തെ ആഴക്കടലിലും തീരക്കടലിലും മണൽ ഖനനം നടത്തുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇന്ത്യൻ തീരത്തെ മത്സ്യസമ്പത്തിന്റെ ഏറ്റവും വലിയ കേന്ദ്രമായ അമ്പലപ്പുഴ മുതൽ വർക്കല വരെയുള്ള കൊല്ലം ഫിഷിംഗ് ബാങ്ക് ഖനനം ചെയ്യുന്നതിനുള്ള ടെൻഡർ നടപടികളുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോകുന്ന സാഹചര്യം വിശകലന വിധേയമാക്കിയിട്ടുണ്ടോ; അറിയിക്കുമോ;

(സി) 12 നോട്ടിക്കൽ മൈൽ വരെയുള്ള തീരക്കടൽ പരിപാലനാവകാശം സംസ്ഥാന സർക്കാരിന് അവകാശപ്പെട്ടതാണെന്നിരിക്കെ കേന്ദ്രസർക്കാരിന്റെ ഖനന നീക്കത്തെ പ്രതിരോധിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇന്ത്യൻ തീരമേഖലയിലെ ലക്ഷക്കണക്കിന് വരുന്ന മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെയും വരുമാനത്തെയും മത്സ്യക്കയറ്റുമതിയെയും ബാധിക്കുന്ന കേന്ദ്രനീക്കത്തെ ചെറുക്കുന്നതിന് തീരദേശമുള്ള എല്ലാ സംസ്ഥാനങ്ങളുടെയും സഹകരണം ഉറപ്പാക്കുമോ; വിശദമാക്കുമോ?

## ഇറിഗേഷൻ ടൂറിസം പദ്ധതി

*64 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി എവിടെയെങ്കിലും പ്രാവർത്തികമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാനദണ്ഡങ്ങൾ അറിയിക്കുമോ?

## വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് കടക്കുന്നത് തടയാൻ നടപടി

*65 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് കടന്നുവരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും ജലവും ഉണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥ ഉറപ്പാക്കി ജനവാസമേഖലകളിലേക്ക് അവ കടന്നുവരുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## അംബേദ്കർ ഗ്രാമവികസന പദ്ധതി

*66 **ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതി കാലോചിതമായി പരിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ആറളം കാർഷിക ഫാമിലെ അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ കാർഷിക സർവകലാശാലയുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സുരക്ഷാ പരിചരണത്തിനായി എല്ലാവർക്കും ആരോഗ്യ സുരക്ഷാ കാർഡ് ലഭ്യമാക്കുമോ; ആയതിനുള്ള നടപടികൾ വിശദമാക്കുമോ?

## വന്യമൃഗ പ്രതിരോധ പദ്ധതികൾ

*67 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വന്യമൃഗ ആക്രമണം ഉണ്ടാകുന്ന വയനാട്ടിൽ കഴിഞ്ഞ ഏഴ് വർഷങ്ങൾക്കിടയിൽ വന്യമൃഗ പ്രതിരോധത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് വിശദമാക്കാമോ;

(ബി) വന്യമൃഗ പ്രതിരോധത്തിനായി കേന്ദ്രത്തിന് എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത കാലയളവിൽ ഈയിനത്തിൽ കേന്ദ്രത്തിൽനിന്നും ഫണ്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) 2021 മുതലുള്ള കാലയളവിൽ എം.എൽ.എ./എം.പി. ഫണ്ട് ഏതെങ്കിലും വിധത്തിൽ പ്രസ്തുത ആവശ്യത്തിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## വന്യജീവി ആക്രമണവും വനവിസ്തൃതിയും

*68 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. എം. എം. മണി**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം ഫലപ്രദമായി തടയുവാനും മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സംഘർഷം തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നു വിശദമാക്കുമോ;

(ബി) കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ 10 വർഷത്തിനിടയിൽ വനത്തിന്റെ വിസ്തൃതി കുറഞ്ഞിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) വനത്തിന്റെ വിസ്തൃതി കൂട്ടാൻ വനം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

*69 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ നിന്ന് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് മൂലം എണ്ണത്തിലുണ്ടാകുന്ന കുറവ് പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) സ്കൂൾ പഠനം ഉപേക്ഷിച്ച കുട്ടികളെ തിരികെയെത്തിക്കാൻ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നും അതിന്റെ പുരോഗതിയും അറിയിക്കുമോ;

(സി) ഇതിനായി മറ്റ് ഏതൊക്കെ വകുപ്പുകളുടെ സഹകരണമാണ് ഇതുവരെ ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കുമോ?

## പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതി

*70 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ നിന്നും വലിയ തോതിൽ ജലം ടണലുകളിലൂടെ വൈപ്പാർ നദീതടത്തിലേക്ക് തിരിച്ചുവിടുന്ന നദീസംയോജന പദ്ധതി വീണ്ടും ദേശീയ ജലവികസന ഏജൻസിയുടെ പരിഗണനയിലാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ശക്തമായ എതിർപ്പിനെത്തുടർന്ന് നിർത്തിവച്ചിരുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കിയാൽ സംസ്ഥാനത്തിന്റെ വനഭൂമിയിലുണ്ടാകാവുന്ന കുറവ് സംബന്ധിച്ച് ജലവിഭവ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഉത്ഭവിച്ച് സംസ്ഥാനത്തിനുള്ളിലൂടെ മാത്രം ഒഴുകുന്ന അച്ചൻകോവിൽ, പമ്പ എന്നീ നദികളെ സംബന്ധിച്ച് കേന്ദ്രസർക്കാർ തീരുമാനമെടുക്കുന്നതിൽ നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) നദീസംയോജനത്തിന്റെ ഭാഗമായി വലിയൊരളവ് ജലം അയൽസംസ്ഥാനത്തിന്റെ കാർഷികാവശ്യത്തിനായി വിനിയോഗിക്കപ്പെടുന്നത് സംസ്ഥാനത്തിന്റെ ജൈവ-പാരിസ്ഥിതിക വ്യവസ്ഥയെ എങ്ങനെ ബാധിക്കുന്നുവെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; അറിയിക്കുമോ?

## കടുവയുടെ ആക്രമണം തടയാൻ നടപടി

*71 **ശ്രീമതി ഉമ തോമസ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടുവയുടെ ആക്രമണം വർധിച്ചു വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മാനന്തവാടി പഞ്ചാരക്കൊല്ലിയിൽ രാധ എന്ന സ്ത്രീ കടുവ ആക്രമണത്തിൽ മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) കടുവയുടെ ആക്രമണം തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ പദ്ധതികൾ

*72 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ എം എസ് അരുൺ കുമാർ**

**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസന വകുപ്പുകളുടെ ക്ഷേമ, വികസന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതിക്കാരിലെ അതിദുർബലർക്ക് തൊഴിലുറപ്പ് പദ്ധതിയിൽ അധികദിനങ്ങൾ നൽകാൻ പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വിശദമാക്കുമോ;

(സി) പട്ടികജാതി കുടുംബങ്ങളുടെ സമഗ്ര വിവരശേഖരണ പദ്ധതിയായ ഹോം സർവ്വേ എത്ര ശതമാനം പൂർത്തിയായിട്ടുണ്ട്; ആയത് എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>**നിരോധിത വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം**</u>

*73 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന ബോട്ടുകളിൽ നിരോധിത പെലാജിക് വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇപ്രകാരം മത്സ്യബന്ധനം നടത്തുന്നതിനാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പ്രതിസന്ധി നേരിടുന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) അനധികൃത വലകൾ ഉപയോഗിക്കുന്ന ബോട്ടുകളെ കണ്ടെത്തുന്നതിന് വ്യാപകമായ പരിശോധന നടത്താനും നടപടി സ്വീകരിക്കാനും തയ്യാറാകുമോ; എങ്കിൽ വിശദമാക്കുമോ?

<u>**പട്ടികജാതി വിദ്യാർത്ഥികളുടെ മികവിന് സമയബന്ധിത പുരസ്കാര വിതരണം**</u>

*74 **ശ്രീ. യു. എ. ലത്തീഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനത്തിലും കലാപ്രവർത്തനങ്ങളിലും മികവ് തെളിയിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കുമോ;

(ബി) എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്വർണ്ണമെഡൽ പദ്ധതി നിലച്ചതായ ആക്ഷേപം പരിശോധിക്കുമോ;

(സി) സ്കൂൾ കലോത്സവങ്ങളിൽ എ ഗ്രേഡ് നേടുന്ന കുട്ടികൾക്ക് നൽകിവരുന്ന പതിനായിരം രൂപയുടെ പ്രോത്സാഹന സമ്മാന വിതരണത്തിൽ കുടിശിക വരുത്തിയിട്ടുണ്ടോ;

(ഡി) സ്വർണ്ണമെഡലുകളും പ്രോത്സാഹന സമ്മാനത്തുകയും കുടിശിക സഹിതം എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ?

**<u>കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ നടപടി</u>**

*75 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കനത്തചൂട് അനുഭവപ്പെടാൻ ഇടയുണ്ടെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രങ്ങളിൽനിന്നും അറിയിപ്പുണ്ടായ സാഹചര്യത്തിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നടത്തിവരുന്ന നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാന ജല അതോറിറ്റിയുടെ സാങ്കേതികവിഭാഗം ശക്തിപ്പെടുത്തുന്നതിനും ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(ഡി) ജല ഗുണനിലവാര പരിശോധനാ ലാബുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും പ്രത്യേക നിർദ്ദേശങ്ങൾ നൽകുമോ?

**<u>ഉന്നത വിദ്യാഭ്യാസം നേടുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സഹായങ്ങൾ</u>**

*76 **ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനു പുറത്തുള്ള സർവ്വകലാശാലകളിലും പ്രശസ്തമായ വിദേശ സർവ്വകലാശാലകളിലും ഉന്നതവിദ്യാഭ്യാസം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും മറ്റ് പിന്തുണാ സംവിധാനങ്ങളും ഒരുക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഈ സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നറിയിക്കുമോ;

(സി) ആധുനിക നൈപുണ്യ വികസന പരിശീലനം നൽകി പട്ടികവർഗ്ഗ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വ്യക്തികൾക്കും സ്വയം

സഹായ സംഘങ്ങൾക്കും പിന്തുണ നൽകുന്നതിനുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>ആഴക്കടൽ മത്സ്യബന്ധന പദ്ധതി</u>**

*77 **ശ്രീ. എച്ച്. സലാം**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ.വി.സുമേഷ്**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധന പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്നും എങ്കിൽ അതു പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) യാനങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്ന സാങ്കേതിക തകരാറുകൾ പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

**<u>പുനർഗേഹം പദ്ധതിയുടെ നിർവ്വഹണ പുരോഗതി</u>**

*78 **ശ്രീമതി ദെലീമ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. എം.വിജിൻ**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ഫ്ലാറ്റുകൾ എന്ന് പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ;

(സി) ഫ്ലാറ്റുകളിലേയ്ക്ക് മതിയായ ഗുണഭോക്താക്കൾ ഇല്ലാത്ത പക്ഷം ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>'ഉന്നതി' പദ്ധതി</u>**

*79 **ഡോ. എം. കെ. മുനീർ**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വിഭാഗക്കാരുടെയും പിന്നാക്ക വിഭാഗങ്ങളുടെയും വികസന, വിദ്യാഭ്യാസ, ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ആരംഭിച്ച 'ഉന്നതി' പദ്ധതി

നിലവിൽ പ്രവർത്തിക്കുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ കാണാതായിട്ടുണ്ടോ; എങ്കിൽ അവ വീണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പദ്ധതിയുടെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) 'ഉന്നതി'യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## നദികളിലെ വെള്ളം വൈപ്പാർ നദീതടത്തിലേക്ക് തിരിച്ചു വിടുന്ന പദ്ധതി

*80 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉത്ഭവിച്ച് പൂർണ്ണമായും സംസ്ഥാനത്തിലൂടെ ഒഴുകുന്ന പമ്പ, അച്ചൻകോവിൽ എന്നീ നദികളിലെ വെള്ളം തമിഴ് നാട്ടിലെ കൃഷിക്കും ജലസേചനത്തിനുമായി വൈപ്പാർ നദീതടത്തിലേക്ക് തിരിച്ചു വിടുന്ന പദ്ധതിക്ക് നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നപക്ഷം വെള്ളത്തിലാകുന്ന വനഭൂമിയെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) പദ്ധതി നടപ്പാക്കുന്ന പക്ഷം വേമ്പനാട്ടുകായലിൽ ഓരുവെള്ളത്തിന്റെ കടന്നുകയറ്റം രൂക്ഷമാകാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ ഗുരുതരമായി ബാധിക്കുന്ന ഈ പദ്ധതി നടപ്പാക്കുന്നതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## മത്സ്യമേഖലയുടെ സുസ്ഥിര വികസനം

*81 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ വി ജോയി**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനംമൂലം ഭൂമിയും വീടും നഷ്ടപ്പെടുന്ന, കടലോരത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യമായ 'എസ്.ഡി.ജി.-14:ലൈഫ് ബിലോ വാട്ടർ' എന്നതിൽ ലക്ഷ്യം സാക്ഷാത്കരിക്കുവാൻ ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(സി) ഐ. യു. യു. (ഇല്ലീഗൽ, അൺറിപ്പോർട്ടഡ് ആന്റ് അൺ റെഗുലേറ്റഡ്) ഫിഷിംഗ് കുറയ്ക്കുന്നതിന് നടത്തിയിട്ടുള്ള ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) കടലിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും കടൽത്തീരം വൃത്തിയാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

**<u>മത്സ്യബന്ധന തുറമുഖങ്ങളുടെ ആധുനികവൽക്കരണം</u>**

*82 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന തുറമുഖങ്ങളുടെ ആധുനികവൽക്കരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രവർത്തനം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ബേപ്പൂർ, ശക്തികുളങ്ങര, പൊന്നാനി എന്നീ പ്രധാനപ്പെട്ട ഫിഷിംഗ് ഹാർബറുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ ?

**<u>ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ</u>**

*83 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ സ്ഥാപിതമായിട്ടുണ്ടോയെന്നും അതിന്റെ സ്ഥാപിത ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ;

(ബി) മൽസ്യബന്ധന-അനുബന്ധ മേഖലയിൽ ഒട്ടേറെ തൊഴിൽ സാധ്യതകൾ സൃഷ്ടിക്കുന്നതിന് പ്രസ്തുത കൗൺസിൽ സ്ഥാപിക്കുന്നതിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) മത്സ്യ കയറ്റുമതി മേഖലയുടെ ഉന്നമനത്തിന് ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ സഹായകമാകുമോയെന്ന് വ്യക്തമാക്കാമോ?

**<u>പട്ടികവർഗ സ്ത്രീകളുടെ പരിചരണം ഉറപ്പാക്കൽ പദ്ധതി</u>**

*84 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീമതി ഒ എസ് അംബിക**

**ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ സ്ത്രീകൾക്ക് ഗർഭാവസ്ഥയിലും പ്രസവശേഷവും ആവശ്യമായ പരിചരണം ഉറപ്പാക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി അനുസരിച്ച് സഹായധനം ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) പട്ടികവർഗ യുവതികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകുമോ?

**മനുഷ്യ-വന്യജീവി സംഘർഷം നേരിടാൻ പദ്ധതികൾ**

*85 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷം നേരിടുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കി 2021-ൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ നിലപാട് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനുള്ള പദ്ധതികൾക്കായി എപ്രകാരം തുക കണ്ടെത്താനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

**പട്ടിക വർഗ്ഗ ജനവിഭാഗങ്ങൾക്ക് പ്രത്യേക ജീവനോപാധി പദ്ധതി**

*86 **ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത ജീവനോപാധികളെ ആശ്രയിക്കുന്ന പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കുവേണ്ടി പ്രത്യേക ജീവനോപാധി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഏതൊക്കെ ജനവിഭാഗങ്ങൾക്കായാണ് നടപ്പിലാക്കുന്നതെന്നും ഏതൊക്കെ ഘടക പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എത്രത്തോളം പ്രയോജനകരമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**ജല മാനേജ്മെന്റ്**

*87 **ശ്രീ. കെ. പ്രേംകുമാർ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. എ. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല മാനേജ്മെന്റിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ജല മാനേജ്മെന്റ് ഫലപ്രദമായി നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ജലവിഭവ വകുപ്പിന്റെ പ്രവർത്തനം ചിട്ടപ്പെടുത്താനും മെച്ചപ്പെടുത്താനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന വ്യക്തമാക്കുമോ;

(ഡി) ജലവിഭവ വകുപ്പിനു കീഴിലുള്ള വിനോദസഞ്ചാര സാധ്യതയുള്ള പ്രദേശങ്ങൾ വികസിപ്പിച്ച് പൊതുജനങ്ങൾക്ക് സന്ദർശനത്തിന് അവസരമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>വന്യജീവി ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് നൽകുന്ന സഹായങ്ങൾ</u>

*88 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെയും പരിക്കേൽക്കുന്നവരുടെയും കുടുംബങ്ങൾക്ക് നിലവിൽ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) ജീവൻ നഷ്ടപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്ക് ജോലി നൽകാനും കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് ഏറ്റെടുക്കാനും ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കുമോ;

(സി) വന്യജീവി ആക്രമണംമൂലം സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവരുടെ പൂർണ്ണ ചെലവ് ഏറ്റെടുക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ;

(ഡി) നിലവിൽ നൽകി വരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>മനുഷ്യ-വന്യജീവി സംഘർഷം</u>

*89 **ശ്രീ. ആന്റണി ജോൺ**
**ശ്രീ. എം. എം. മണി**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷം പ്രത്യേക ദുരന്തമായി കേരളം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) നിലവിൽ വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബത്തിനുള്ള നഷ്ടപരിഹാരം ഉയർത്തി നിശ്ചയിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(സി) മനുഷ്യ-വന്യജീവി ആക്രമണം രൂക്ഷമായ മേഖലയിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും ഇപ്രകാരം എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ഡി) വന്യജീവി ആക്രമണം തടയാൻ അയൽ സംസ്ഥാനങ്ങളുമായി സഹകരണ കരാർ ഒപ്പുവച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>**പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് മദ്യക്കമ്പനിക്ക് ജലം നൽകാനുള്ള തീരുമാനം**</u>

*90 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/വൈനറി പ്ലാന്റ് എന്നിവ ആരംഭിക്കുന്നതിന് ഒയാസിസ് കമേർഷ്യൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ആവശ്യമായ വെള്ളം ലഭ്യമാക്കാൻ ജല അതോറിറ്റിയുമായി ധാരണയിൽ എത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇത് സംബന്ധിച്ച കരാറിന്റെ വിശദാംശം ലഭ്യമാക്കുമോ; എന്തൊക്കെ വ്യവസ്ഥകളാണ് ജല അതോറിറ്റി ഈ കരാറിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഏതൊക്കെ പദ്ധതികളിൽ നിന്നാണ് ജല അതോറിറ്റി പ്രസ്തുത കമ്പനിക്ക് ജലം നൽകാൻ ധാരണയായതെന്ന് വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 ഫെബ്രുവരി 2, ഞായർ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].